File No.LSGD-FM2/49/2021-LSGD

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -കോട്ടയം ജില്ല -മണർകാട് ഗ്രാമപഞ്ചായത്ത് - ടാക്സി സ്റ്റാന്റ് ഗ്രാമീണചന്ത സ്ഥലമെടുപ്പ് - സുപ്രീംകോടതിയിൽ അപ്പീൽ പോകുന്നതിന് മണർക്കാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വക്കീൽ ഫീസ് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1084/2021/ത.സ്വ.ഭ.വ — തിരുവനന്തപുരം, തീയതി,02/06/2021

പരാമർശം:- പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 05/02/2021ലെ അപേക്ഷ

ഉത്തരവ്

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്ത്, ഗ്രാമീണ ചന്ത, ടാക്സി സ്റ്റാന്റ് എന്നിവയ്ക്കായി 27/03/2004 ലെ ജി ഒ (ആർ ടി )1165/04/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിൽ ബഹു. സുപ്രീം കോടതിയിൽ കാലതാമസം മാപ്പാക്കുന്നതിനുള്ള ഹർജി സഹിതം അപ്പീൽ സമർപ്പിക്കുന്നതിനും വക്കാലത്ത് അഡ്വ. പി വി ദിനേശിനെ ഏൽപ്പിക്കുന്നതിനും ആവശ്യമായ ചെലവിന് സർക്കാരിൽ നിന്നും റാറ്റിഫിക്കേഷൻ വാങ്ങുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു. അഡ്വ. പി വി ദിനേശ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് വക്കീൽ ഫീസ് ഇനത്തിൽ 111100/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതിയ്ക്കായുള്ള മണർക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് വക്കീൽ ഫീസിനത്തിൽ 1,11,100/- രൂപ മണർക്കാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, മണർക്കാട് ഗ്രാമപഞ്ചായത്ത്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ